# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *490 | 01.07.2019 ൽ മറുപടിക്ക്.

## നൈപുണ്യ സംരംഭകത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.എം. രാജഗോപാലൻ<br>ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ.ഡി.കെ. മുരളി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) ഇരുപത്തയ്യായിരം പേർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ വ്യവസായ വകുപ്പ് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന നൈപുണ്യ സംരംഭകത്വം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | എ) 25000 പേർക്ക് തൊഴിൽ നൽകുന്ന പ്രത്യേക പദ്ധതികളൊന്നും വ്യവസായ വാണിജ്യ വകുപ്പ് മുഖേന പ്രഖ്യാപിച്ചിട്ടില്ല.<br>എന്നാൽ ഒരു വർഷം ശരാശരി 30000 -ൽ പരം പേർക്ക് വിവിധ തരത്തിലുള്ള സംരംഭകത്വ പരിശീലന പരിപാടികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നൽകി വരുന്നുണ്ട് സംസ്ഥാനത്തെ അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ യുവാക്കൾക്ക് വിവിധ മേഖലകളിൽ സംരംഭകത്വം പ്രോൽസാഹിപ്പിക്കുന്നതിനായി സംരംഭകത്വ ബോധവൽകരണ പരിപാടിയിൽ ഉൾപ്പെട്ട ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മന്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്നീ നൈപുണ്യ വികസന പരിശീലന പരിപാടികൾ വ്യവസായ വകുപ്പ് മുഖേന നടത്തിവരുന്നു.<br>വ്യവസായ പരിശീലന വകുപ്പ് മുഖേനയും തൊഴിൽ വകുപ്പ് മുഖേനയും ആണ് കേരള സർക്കാർ പ്രധാനമായും നൈപുണ്യ വികസന പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നത്. |
| ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിനായി ചെയ്തുവരുന്ന പ്രവർത്തനം അറിയിക്കാമോ; ഇ.ഡി.ക്ലബുകൾ, ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ എന്നിവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ ; | ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ട പ്രോത്സാഹനം നൽകുന്നതിനായി<br>• സംരംഭകത്വ സഹായപദ്ധതി<br>• നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി<br>• കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുളള പദ്ധതി |

- തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി
- ഇ.ഡി.ക്ലബ്ബ്
- ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ

എന്നീ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടത്തിവരുന്നു.

ഇതുകൂടാതെ വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ വിവിധ വകുപ്പുകളിൽ നിലവിലുള്ള നിയമങ്ങൾ അവശ്യം ഭേദഗതി വരുത്തി "2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ)" നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ മേഖലയിൽ പുത്തനുണർവ്വ് പ്രദാനം ചെയ്തു കൊണ്ട് കേരള വ്യവസായ വാണിജ്യ നയം 2018 പ്രഖ്യാപിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായിട്ടുള്ള വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിലേക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT (സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ കെ.എസ്.ഐ.ഡി.സി വികസിപ്പിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളിൽ സംരംഭകത്വ സംസ്കാരം വളർത്തി അവരെ, യുവ സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയായ ഇ.ഡി.ക്ലബ്ബുകളും, പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

| | |
|---|---|
| സി) ഇത്തരം മേഖലകളിലെ നൂതന ആശയങ്ങളും ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും തൽപ്പരർക്ക് പരിചയപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | സി) ജില്ലാ താലൂക്ക് തലങ്ങളിൽ നടപ്പിലാക്കുന്ന സംരംഭകത്വ ബോധവൽക്കരണ പരിപാടിയിൽ ഉൾപ്പെട്ട ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ നൈപുണ്യ വികസനവുമായി ബന്ധപ്പെട്ട പരിശീലനങ്ങളിൽ നൂതന ആശയങ്ങളും ആധുനിക സാങ്കേതിക വിദ്യയും ഉപകരണങ്ങളും തൽപ്പരർക്ക് പരിചയപ്പെടുത്തുന്നതിന് വ്യവസായ വകുപ്പ് അവസരം നൽകുന്നുണ്ട്. |

| | |
|---|---|
| ഡി) വളരെക്കുറഞ്ഞ മുതൽമുടക്കുള്ളതും പരിസ്ഥിതി മലിനീകരണം ഇല്ലാത്തതുമായ ഗാർഹിക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) പരിസ്ഥിതി മലിനീകരണമില്ലാത്തതും വീട്ടുകളിലോ വീട്ടുകളോട്ടു ചേർന്നോ ആരംഭിക്കാൻ കഴിയുന്ന യൂണിറ്റുകൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി 2017-18 മുതൽ നാനോ/ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.<br><br>5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ് / ഗ്രീൻ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട്ടു ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ